(സി) ഗുണഭോക്താക്കൾക്ക് കൂടുതൽ വരുമാനം ഉറപ്പാക്കാൻ ഉതകുന്ന പരിഷ്കരണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഷീ ടാക്സി പദ്ധതി നിലവിൽ നടപ്പിലാക്കുന്നത് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലാണ്. അതിനാൽ കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനായും സ്ഥിര വരുമാനം കിട്ടുന്നതിനും ടെക്നോപാർക്ക്, സൈബർപാർക്ക്, ഇൻഫോപാർക്ക് എന്നിങ്ങനെയുള്ള ഐ.ടി. കമ്പനികളിലും ആശുപത്രികൾ, ഓഫീസുകൾ, ടൂറിസ്റ്റ് കേന്ദ്രങ്ങൾ എന്നിവിടങ്ങളിലും കൂടുതൽ ഓട്ടങ്ങൾ കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വിവിധ കമ്പനികളിലെ പരസ്യങ്ങൾ കിട്ടുന്ന മുറയ്ക്ക് ടാക്സിയിൽ പരസ്യം പ്രദർശിപ്പിക്കുകയും ആയതിൽ നിന്നും വരുമാനം പ്രതീക്ഷിക്കുന്നുമുണ്ട്.

ആറ് വയസ്സിന് താഴെയുള്ള കുട്ടികളുടെ ക്ഷേമത്തിനും സുരക്ഷയ്ക്കുമുള്ള പദ്ധതി

261 (3241) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ് വയസ്സിന് താഴെയുള്ള കുട്ടികളുടെ വിദ്യാഭ്യാസം, പോഷകാഹാര വിതരണം, പകർച്ചവ്യാധികൾ തടയൽ തുടങ്ങിയവയ്ക്ക് സാമൂഹ്യനീതി വകുപ്പ് നിലവിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്നറിയിക്കുമോ ;

(ബി) ഇത്തരത്തിലുള്ള ഓരോ പദ്ധതികൾക്കുമായി 2014-15 സാമ്പത്തിക വർഷം എത്ര തുക നീക്കിവച്ചിരുന്നു ; ആയതിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചു ; വിശദാംശം ലഭ്യമാക്കുമോ ;

(സി) ആറുവയസ്സിന് താഴെയുള്ള കുട്ടികൾക്കുനേരെയുള്ള അതിക്രമങ്ങൾ, പീഡനങ്ങൾ തുടങ്ങിയവ നാൾക്കുനാൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിൽ പീഡനത്തിനും അതിക്രമങ്ങൾക്കും വിധേയരായ കുട്ടികൾ എത്ര ; ഇതിൽ മരണപ്പെട്ടവർ എത്ര ; ഇവരിൽ സർക്കാർ സഹായത്തോടെ പുനരധിവസിപ്പിക്കപ്പെട്ടവർ എത്ര ; ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ഇ) പ്രസ്തുത കാലയളവുകളിൽ പോഷകാഹാരക്കുറവുമൂലവും പകർച്ച വ്യാധിമൂലവും മരണപ്പെട്ട കുട്ടികൾ എത്ര ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(എഫ്) അതിക്രമങ്ങൾക്കും പീഡനങ്ങൾക്കും ഇരകളായ കുട്ടികളുടെ കേസുകളിൽ ഇനി എത്രയെണ്ണത്തിൽ പ്രതികളെ കണ്ടെത്തുവാനുണ്ട് ; വിശദാംശം ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) പീഡനങ്ങൾക്കും അതിക്രമങ്ങൾക്കും വിധേയരായ കുട്ടികൾക്ക് മാതാപിതാക്കളിൽനിന്നും മാതാപിതാക്കളുടെ കുടുംബങ്ങളിൽ നിന്നും സുരക്ഷ ഉറപ്പില്ലാത്ത കേസുകളിൽ കുട്ടികളെ സാമൂഹ്യനീതി വകുപ്പിന്റെ സംരക്ഷണയിൽ വളർത്തുവാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കുട്ടികൾക്ക് ആവശ്യമായതും ലഭ്യമായതുമായ ഊർജ്ജത്തിന്റെയും മാംസ്യത്തിന്റെയും കുറവ് പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ പൂരക പോഷകാഹാര വിതരണം അംഗൻവാടികൾ വഴി നൽകിവരുന്നു. ആയതിൽ 6 മാസം മുതൽ 3 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് കുടുംബശ്രീ മിഷൻ മുഖാന്തരം അംഗൻവാടികളിൽ അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്യുവരുന്നു. ടേക്ക് ഹോം റേഷൻ സ്കീമിൽ (റ്റി.എച്ച്.ആർ.എസ്.) പ്രകാരമാണ് പോഷകാഹാരം നൽകിവരുന്നത്. ഗോതമ്പ്, കടലപരിപ്പ് കപ്പലണ്ടി, സോയാ, പഞ്ചസാര എന്നിവ ചേർത്ത മിശ്രിത പായ്ക്കറ്റായിട്ടാണ് ന്യൂട്രിമിക്സ് നൽകി വരുന്നത്. 135 ഗ്രാം ന്യൂട്രിമിക്സിൽ 500 ഗ്രാം കലോറിയും, 12-15 ഗ്രാം പ്രോട്ടീനും അടങ്ങിയിട്ടുണ്ട്. 3-നും 6 വയസ്സിനും ഇടയിൽ പ്രായമുള്ള മുട്ടികൾക്ക് മോണിംഗ് സ്നാക്സ് ആയി പാലും കപ്പലണ്ടി മിഠായിയും, നൂൺ ഫീഡിംഗിന് ഒരു കുട്ടിക്ക് അരി, പയർ, പച്ചക്കറി, condiments എന്നിവ ചേർത്ത് തയ്യാറാക്കിയ കഞ്ഞിയും നൽകി വരുന്നു. വൈകുന്നേരം ജനറൽ ഫീഡിംഗിന് സാധാരണ ഒരു കുട്ടിക്ക് നൂറ്റ് ഗോതമ്പ് പച്ചക്കറി ചേർത്ത ഉപ്പുമാവ്/പായസം നൽകിവരുന്നു. ഗുരുതര പോഷകാഹാരക്കുറവുള്ള കുട്ടികൾക്ക് ആയത് ഇരട്ടി അളവിൽ നൽകിവരുന്നു. കൂടാതെ ആരോഗ്യ പരിപാലനത്തിന് ഗ്രോത്ത് മോണിറ്ററിംഗ്, ആരോഗ്യ പരിശോധന, ഇമ്മ്യൂണൈസേഷൻ, റഫറൽ സർവ്വീസ് എന്നിവയും അംഗൻവാടി കേന്ദ്രങ്ങൾ വഴി നൽകിവരുന്നു.

(ബി) സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 10,000 ലക്ഷം രൂപയിൽ കേന്ദ്രമാനദണ്ഡങ്ങൾക്ക് വിധേയമായി 45,34,99,962 രൂപ ചെലവഴിച്ചിട്ടുണ്ട്. അധികാര വികേന്ദ്രീകൃതാസൂത്രണ പദ്ധതിയെ തുടർന്ന് പൂരക പോഷകാഹാര പദ്ധതി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ടിട്ടുള്ളതാണ്. ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ എസ്.എൻ.പി.-ക്ക് ആവശ്യമായ തുക നിർബന്ധമായും പദ്ധതി നിർവ്വഹണത്തിൽ വകകൊള്ളിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ ചെലവഴിക്കുന്ന തുകയ്ക്ക് കേന്ദ്ര സർക്കാരിന്റെ മാനദണ്ഡങ്ങൾക്ക് വിധേയമായി 50% റീഇംബേഴ്സ്മെന്റായി നൽകി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്.

(ഡി-എഫ്) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ജി) സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള ചിൽഡ്രൻസ് ഹോമുകൾ വഴി ഇത്തരം കുട്ടികൾക്ക് ശ്രദ്ധയും സംരക്ഷണവും നൽകിവരുന്നുണ്ട്.

അഗതി പെൻഷൻ

262 (3242) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അഗതികൾക്കുള്ള പെൻഷൻ വാങ്ങുന്നവരുടെ എണ്ണം എത്രയാണ് ; ഇവർക്ക് നൽകിവരുന്ന പ്രതിമാസ പെൻഷൻ തുക എത്രയാണ് ; വ്യക്തമാക്കുമോ ;

(ബി) അഗതികൾക്കുള്ള പെൻഷൻ എത്ര മാസത്തെ കുടിശ്ശിക വിതരണം ചെയ്യാനുണ്ടെന്നറിയിക്കുമോ ;

(സി) അഗതികൾക്കുള്ള പെൻഷൻ കുടിശ്ശിക വിതരണം ചെയ്യാൻ എത്ര തുക വേണ്ടിവരുമെന്ന് പറയാമോ ;

(ഡി) അഗതികൾക്കുള്ള പെൻഷൻ കുടിശ്ശിക കൊടുത്തു തീർക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ 1009214 പേർ അഗതി (വിധവ) പെൻഷൻ ഗുണഭോക്തക്കളായുണ്ട്. നിലവിൽ പ്രതിമാസം 800 രൂപാ നിരക്കിൽ പെൻഷൻ നൽകിവരുന്നു.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) കുടിശ്ശിക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

വിവിധ ക്ഷേമ പെൻഷനുകൾ

263 (3243) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഗ്രാമപഞ്ചായത്തുകൾ വഴി വിതരണം ചെയ്യുന്ന വിവിധ ക്ഷേമ പെൻഷനുകൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly